# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4788**      **23.07.2015-ൽ മറുപടിയ്ക്ക്**

### കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ഭവനരഹിതർ

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്; ഇവർക്ക് എന്നത്തേയ്ക്ക് വീട് വച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ | എ) | 2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്കുകൾ പ്രകാരം കാസർഗോഡ് ജില്ലയിൽ വീട് വയ്ക്കാൻ സ്വന്തമായി സ്ഥലസൗകര്യമുള്ള 3173 ഭവന രഹിത പട്ടികവർഗ്ഗക്കാരുണ്ടായിരുന്നു. ആയതിൽ 2014-15 വർഷം വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 221 വീടുകളും, ഹഡ്കോ ഭവന വായ്പാ പദ്ധതി പ്രകാരം 100 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽപ്പെടുത്തി 325 വീടുകളും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2014-15 സാമ്പത്തിക വർഷം ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയ്ക്ക് 802 വീടുകൾ അനുവദിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും 802 വീടുകൾ ടി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയ്ക്ക് ഗ്രാമവികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 923 ആണ്. ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ധനസഹായം ഉടനെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ